# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3368 — 19.10.2016-ൽ മറുപടിയ്ക്ക്

## വനവിഭവങ്ങളുടെ ശേഖരണവും വിപണനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) **വനവിഭവങ്ങൾ ശേഖരിക്കുന്നവർക്ക് ക്ഷേമനിധി ഉൾപ്പെടെയുള്ള ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;** | എ) കേരളത്തിലെ വന വിഭവ ശേഖരണം നടത്തുന്ന ആദിവാസികൾ ചെറുകിട വന വിഭവങ്ങൾ നേരിട്ട് അതാതിടത്ത് പ്രവർത്തിക്കുന്ന വനശ്രീ വനവിഭവ കേന്ദ്രങ്ങളിലാണ് നൽകിവരുന്നത്. വനശ്രീ അടിസ്ഥാനത്തിൽ ശേഖരണം, മൂല്യ വർദ്ധന, വിപണനം നടത്തി ലഭിക്കുന്ന ലാഭത്തിന്റെ ഒരു വിഹിതം ആദിവാസികൾക്ക് വർഷത്തിലൊരിക്കൽ നൽകണമെന്ന വ്യവസ്ഥ നിലവിലുണ്ട്. അവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല. |
| ബി) **വനവിഭവങ്ങൾ, തേൻ, കുന്തിരിക്കം തുടങ്ങിയവയുടെ വിപണന കേന്ദ്രങ്ങൾ വിപുലീകരിച്ച് ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?** | ബി) ആദിവാസികൾ ശേഖരിക്കുന്ന വന വിഭവങ്ങൾ , തേൻ, കുന്തിരിക്കം തുടങ്ങിയവ വനശ്രീ ഷോപ്പുകൾ വഴി മൂല്യ വർദ്ധനവ് നടത്തി വിപണനം ചെയ്തു വരുന്നു. വനാശ്രിത സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, അവരുടെ ഉല്പന്നങ്ങൾക്ക് കൂടുതൽ വിപണി ലഭ്യമാക്കുക, അതുവഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ വിഭാവനം ചെയ്തിട്ടുള്ള ഇക്കോ ഷോപ്പുകൾ വഴിയാണ് ടി വിഭവങ്ങൾ വിപണനം ചെയ്തു വരുന്നത്. ഇത്തരത്തിൽ 37 ഇക്കോ ഷോപ്പുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 2 മൊബൈൽ യൂണിറ്റുകളും ഉൾപ്പെടുന്നു. ഈ മൊബൈൽ |

യൂണിറ്റുകൾ മുഖേന വനവിഭവങ്ങൾ ജനങ്ങൾക്ക് നേരിട്ട് എത്തിക്കുവാൻ സാധിക്കുന്നു. വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി വനശ്രീ വിഭവങ്ങളുടെ ഓൺലൈൻ വിൽപ്പന ഉൾപ്പെടെയുള്ള കാര്യങ്ങൾ വനം വകുപ്പിന്റെ പരിഗണനയിലാണ്. ഇവ സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു എൻ.റ്റി.എഫ്. (നോൺ ടിംബർ ഫോറസ്റ്റ് പ്രോഡക്ട്സ്) കൺസൾട്ടന്റുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**